(ഇ) ചാരായനിരോധനം നടപ്പിലാക്കിയതിനെ തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1999 ജനുവരി വരെ 4701 കേസ്സുകൾ എടുത്തിട്ടുണ്ട്. അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്†

(എഫ്) ആവശ്യമായ നടപടികൾ ഇപ്പോൾ തന്നെ എടുത്തു വരുന്നുണ്ട്.

27 (319) കൊക്കോബ്രാണ്ടി നിരോധനം

ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ.എം. അഗസ്തി
ശ്രീ. കെ. ബാബു :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനം നിലവിൽ വന്ന 1996 ഏപ്രിൽ 1-ാം തീയതി മുതൽ സംസ്ഥാനത്ത് കൊക്കോ ബ്രാണ്ടി നിരോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിരോധനം പിൻവലിക്കുകയോ റദ്ദു ചെയ്യുകയോ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ അതു സംബന്ധിച്ച് ഇപ്പോഴുള്ള നിയമവ്യവസ്ഥ എന്തെന്ന് വിശദമാക്കുമോ;

(ഡി) 1999 ഫെബ്രുവരി 5-ാം തീയതി ടാക്സസ് വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് പെർമിറ്റ് കൂടാതെ ഒന്നര ലിറ്റർ കൊക്കോ ബ്രാണ്ടി കൈവശം വയ്ക്കാൻ വ്യക്തികളെ അനുവദിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ നിരോധിക്കപ്പെട്ട കൊക്കോബ്രാണ്ടി കൈവശം വയ്ക്കുവാൻ പൗരന്മാരെ അനുവദിക്കുന്നത് എപ്രകാരമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി)&(ഡി) ഇപ്പോഴുള്ള നിയമവ്യവസ്ഥയനുസരിച്ച് ഒരു വ്യക്തിക്ക് ഒരുസമയം പരമാവധി 1.5 ലിറ്റർ കൊക്കോബ്രാണ്ടി കൊണ്ടു നടക്കാവുന്നതും കൈവശം വയ്ക്കാവുന്നതുമാണ്.

(ഇ) അബ്കാരി ആക്ടിൽ ഫോറിൻ ലിക്കർ റൂൾസിലെ ഫോറിൻ ലിക്കറിന്റെ നിർവചനത്തിൽ കൊക്കോ ബ്രാണ്ടിയെ വിദേശമദ്യമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. സർക്കാരിന്റെ നയം അനുസരിച്ച് 1996 ഏപ്രിൽ ഒന്നു മുതൽ ചാരായം മാത്രമേ നിരോധിച്ചിരുന്നുള്ളൂ. വിദേശമദ്യത്തിന് നിരോധനം ഏർപ്പെടുത്തിയിരുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly